കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പത്തനാപുരം ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

## ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**e-mail: doklm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി6/419/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കൊല്ലം.
തീയതി 18.03.2016

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പത്തനാപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പത്തനാപുരം ഗ്രാമപഞ്ചായത്ത് -2013-14 & 2014-15 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2013-14 & 2014-15 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3. കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.കെ.എൽ.എം-പി6/419/2016.

തീയതി:18.03.2016.

# കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2013-14 & 2014-15 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2013-14 & 2014-15 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 14-11-2013 മുതൽ 10-02-2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ-ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.എ.മുഹമ്മദ് നിസ്സാർ<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 11-02-2016 മുതൽ 29-02-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. ഐസക് ജോൺ | ഓഡിറ്റ് ഓഫീസർ. |
| | | ശ്രീമതി.സിജാറാണി.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | | ശ്രീ. എം.ഷെഫീക്ക് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. എം.രാകേഷ് | ഓഡിറ്റർ. |

| **(ബി) നിർവ്വഹണാധികാരികൾ** | | **പേര്** | **കാലയളവ്** |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി .ഫാത്തിമഖാൻ | 01-04-2013 മുതൽ 31-03-2015 വരെ |
| സെക്രട്ടറി | | ശ്രീ. ജെയിംസ് ജോർജ് | 01-04-2013. മുതൽ 05-05-2013. വരെ |
| | | ശ്രീ. എം. മുരളീധരൻ, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെ അധിക ചുമതല) | 06-05-2013 മുതൽ 18-05-2013 വരെ |
| | | ശ്രീ. ബാലചന്ദ്രൻ-ജൂനിയർ സൂപ്രണ്ട്- (സെക്രട്ടറിയുടെ അധിക ചുമതല) | 19-05-2013 മുതൽ 30-11-2013 വരെ<br>30-11-2013 മുതൽ |

| | | | |
|---|---|---|---|
| | | | 20-12-2013. വരെ |
| | | ശ്രീ .ജോസ്.ജി. | 20-12-2013 മുതൽ<br>31-03-2015 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ.എം.മുരളീധരൻ | 01-04-2013 മുതൽ<br>31-03-2015. വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ.ഭദ്രൻ. | 01-04-2013 മുതൽ<br>25-12-2014 വരെ |
| | | ശ്രീമതി ബീന നാരായണൻ | 26-12-2014 മുതൽ<br>31-03-2015 വരെ |
| വി.ഇ.ഒ-പത്തനാപുരം | : | ശ്രീമതി .രജനി.പി.എസ് | 01-04-2013 മുതൽ<br>31-03-2015 വരെ |
| വി.ഇ.ഒ-മാങ്കോട് | | ശ്രീ.സന്തോഷ് ജോസഫ്. | 01-04-2013 മുതൽ<br>31-03-2015 വരെ |
| വെറ്ററിനറി സർജൻ | | ഡോ. ഉഷ.കെ.ഷാനി. | 01-04-2013 മുതൽ<br>31-03-2015 വരെ |
| മെഡിക്കൽ ഓഫീസർ-പി.എച്ച.സി | | ഡോ. ജി.ഗിരിജാകുമാരി. | 01-04-2013 മുതൽ<br>31-03-2015 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | | ഡോ.കെ.എസ്.ജയകുമാർ. | 01-04-2014 മുതൽ<br>31-03-2015 വരെ |
| ഹെഡ് മാസ്റ്റർ-ജി.എൽ.പി.എസ്-പത്തനാപുരം | | ശ്രീമതി .ഫാത്തിമാബീബി | 01-04-2013 മുതൽ<br>31-03-2015 വരെ |
| ഐ.സി.ഡി.എസ്-സൂപ്പർവൈസർ | | ശ്രീമതി പ്രഭാകാന്തി. വി | 01-04-2013 മുതൽ<br>31-03-2015 വരെ |
| കൃഷി ഓഫീസർ | | ശ്രീ. വി. ദാനശീലൻ | 01-04-2013 മുതൽ<br>31-03-2015 വരെ |

## ഉള്ളടക്കം


| ക്രമ നം. | **ഭാഗം 1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| | **ഭാഗം 2** | |
| 11 | രസീത് ബുക്ക് ഹാജരാക്കിയില്ല. | 2-1 |
| 12 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-2 |
| 13 | സ്ഥാപന നികുതി ഈടാക്കിയില്ല. | 2-3 |
| 14 | പഞ്ചായത്ത് വക തടി ലേലം തുടർനടപടികളില്ല | 2-4 |
| 15 | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കാത്തത് | 2-5 |
| 16 | ബസ് സ്റ്റാന്റ് ഫീസ് പിരിവ് – തുക ഒടുക്കുവാൻ അവശേഷിക്കുന്നു. | 2-6 |
| 17 | ഡി & ഒ ലൈസൻസ് ഫീസ് കുറവ് വന്നത് | 2-7 |
| 18 | പഞ്ചായത്ത് വക പബ്ലിക് ലൈബ്രറിയിലെ പുസ്തകങ്ങൾ നഷ്ടപ്പെട്ടത്. | 2-8 |
| | **ഭാഗം 3** | |
| 19 | അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു-ചെലവ് തുക നിരാകരിക്കുന്നു. | 3-1 |
| 20 | തെരുവുവിളക്കുകളുടെ സ്റ്റോക്ക് വിതരണ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-2 |
| 21 | ബയോഗ്യാസ് പ്ലാന്റ് വികസനഫണ്ടിൽ നിന്ന് അധിക ചെലവ്. | 3-3 |

| | | |
|---|---|---|
| | | |
| 22 | ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല-ആനുകൂല്യ വിതരണത്തിനായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. | 3-4 |
| 23 | തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള ഉപകരണങ്ങൾവാങ്ങിയത് -സ്റ്റോക്കിലടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ഇല്ല. | 3-5 |
| 24 | രേഖകൾ ഹാജരാക്കാത്തതിനാൽ 215879രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-6 |
| 25 | ദിവസവേതനയിനത്തിൽ അധികം നല്കിയ 2700രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു | 3-7 |
| 26 | അനധികൃതമായി ഡേറ്റ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചത് വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം 54402 | 3-8 |
| 27 | ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല | 3-9 |
| 28 | പ്രോജക്ട് നം. SO-172/15-വലിയമഠം കോളനി റോഡ് കോൺക്രീറ്റിംഗ്-അപാകതകൾ-നിരാകരിക്കുന്ന തുക- 27612/-രൂ. | 3-10 |
| 29 | പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി വാട്ടർ അതോറിട്ടി വെട്ടിപ്പൊളിച്ച റോഡുകളുടെ | 3-11 |

| | | |
|---|---|---|
| | പുനരുദ്ധാരണത്തിന് പഞ്ചായത്ത് വൻ തുക ചെലവഴിച്ചു- നഷ്ടപരിഹാരമായി വാട്ടർ അതോറിട്ടിയിൽ നിന്നും തുക ഈടാക്കിയില്ല. | |
| 30 | പ്രോജക്ട് നം. SO-076/15-വായനശാല-കുളത്തുംകര-ആനക്കുഴി റോഡ് മെയിന്റനൻസ്-ടാറിന്റെ അധികവില അനുവദിച്ചതിൽ അപാകത. | 3-12 |
| 31 | പ്രോജക്ട് നം. SO-201/14-പോസ്റ്റ് ഓഫീസ് ജംഗ്ഷൻ-പുല്ലംകുന്ന് പാറത്തോട് റോഡ് മെയിന്റനൻസ്- ആവശ്യകതയെ അധികരിച്ച് സ്റ്റാക്കിംഗ്- നിരാകരിക്കുന്ന തുക- 4658/-രൂ | 3-13 |
| 32 | പ്രോജക്ട് നം. SO-177/15വളവുകയത്തിൽപടി റോഡ് കോൺക്രീറ്റിംഗ്- കൺവീനർക്ക് അധികം തുക നൽകി- നിരാകരിക്കുന്ന തുക- 1226/- രൂ. | 3-14 |
| 33 | പ്രോജക്ട് നം. SO-156/14-മാങ്കോട് ഷോപ്പിംഗ് കോംപ്ലക്സ് അറ്റകുറ്റപ്പണി- ചെലവുരേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല- തടസ്സപ്പെടുത്തുന്ന തുക- 139407/- രൂ. | 3-15 |

| | | |
|---|---|---|
| 34 | തെറ്റായ ബില്ലുകൾ ഉപയോഗിച്ച് പണം പിൻവലിച്ചു.180000/-രൂപ നിരാകരിക്കുന്നു. | 3-16 |
| 35 | പശ്ചിമഘട്ട വികസന പദ്ധതി-വിനിയോഗവിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-17 |
| 36 | വാഴപ്പാറ-മാങ്കോട് കുടിവെള്ള പദ്ധതി -ഗുണഭോക്തൃ ഗ്രൂപ്പിന് കൈമാറിയിട്ടില്ല. | 3-18 |
| 37 | വിനിയോഗവിവരങ്ങളില്ല.ചെലവ് തുകതടസ്സപ്പെടുത്തുന്നു. | 3-19 |
| 38 | കുടുംബശ്രീ | 3-20 |
| | **ഭാഗം 4** | |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

## ഭാഗം -1
## പൊതു അവലോകനം
## പൊതു അവലോകനം

1-1 ബജറ്റ്

2013-14 വർഷത്തെ ബജറ്റ് 27-03-2013 തിയതിയിലെ ജനറൽ കമ്മിറ്റി ഒന്നാം നമ്പർ തീരുമാന പ്രകാരവും 2014-15 വർഷത്തെ ബജറ്റ് 24-02-2014 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2013-14 | 31-07-2014 | 03-06-2014 | ഇല്ല. |
| 2014-15 | 31-07-2015 | 02-06-2015 | ഇല്ല. |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2013-14 | 27-08-2014 | എൽ.എഫ്.ക്യു/ പി6/1 103/14/23.12.2014 |
| 2014-15 | 08-10-2015 | കെ.എസ്.എ-കെ.എൽ.എം / പി-6/1996/15/03-11-15 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2013-14 | 28580818 | 90167453 | 118748271 | 93263934 | 25484337 |
| 2014-15 | 25484337 | 98160400 | 123644737 | 78081826 | 45562911 |

1-5 ഫണ്ട് വിനിയോഗം

**2013-14**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1229143 | 11043000 | 12272143 | 11760079 | 512064 | 96 |
| വികസനഫണ്ട് എസ്.സി.പി. | 1912707 | 5948000 | 7860707 | 6798004 | 1062703 | 86.5 |
| വികസനഫണ്ട് ടി.എസ്.പി. | ------ | ----- | ------ | ------- | ------- | |
| സംരക്ഷണഗ്രാന്റ് റോഡ് | 4267591 | 11086000 | 15353591 | 14011547 | 1342044 | 91 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2073664 | 3476000 | 5549664 | 3825070 | 1724594 | 69 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 689400 | 6480204 | 7169604 | 6914210 | 255394 | 96 |
| പെർഫോമൻസ് ഗ്രാന്റ് | 3175408 | 3686000 | 6861408 | 5264205 | 1597203 | 77 |
| എം.എൻ.ആർ. ഇ.ജി.എസ്. | 69642 | 7240014 | 7309656 | 7267656 | 42000 | 99 |
| ബി ഫണ്ട് | ------ | 12104541 | 12104541 | 12104541 | ------- | 100 |

**2014-15**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 512064 | 14382000 | 14894064 | 11768272 | 3125792 | 79 |
| വികസന ഫണ്ട് എസ്.സി.പി. | 1062703 | 6730000 | 7792703 | 4955697 | 2837006 | 64 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | -------- | ------ | -------- | -------- | ----- | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1342044 | 12466000 | 13808044 | 11330293 | 2477751 | 82 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1724594 | 3291000 | 5015594 | 3134799 | 1880795 | 63 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 255394 | 9853386 | 10108780 | 7133497 | 2975283 | 71 |
| പെർഫോമൻസ് ഗ്രാന്റ് | 1597203 | 4448000 | 6045203 | 839872 | 5205331 | 14 |
| എം.എൻ.ആർ. ഇ.ജി.എസ്. | 42000 | 671152 | 713152 | 631770 | 81382 | 89 |
| ബി ഫണ്ട് | ------- | 18307526 | 18307526 | 18307526 | ----- | 100 |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|---|
| 2013-14 | 240 | 104404260 | 195 | 55236869 | -- | 45 |
| 2014-15 | 231 | 108159372 | 159 | 44753558 | | 72 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് തനതു വരുമാനത്തിൽ താഴെ പറയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

2013-14

| ഇനം | മുൻവർഷം (2012-13) | തൻവർഷം (2013-14) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 6144132 | 6030004 | (-)114128 | |
| നികുതിയേതര വരവുകൾ | 4052405 | 6012928 | 1960523 | |
| മറ്റുവരവുകൾ | 5759310 | 6915410 | 1156100 | |
| ആകെ | 15955847 | 18958343 | 3002495 | 18.8% |

2014-15

| ഇനം | മുൻവർഷം (2013-14) | തൻവർഷം (2014-15) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6030004 | 8348953 | 2318949 | |
| നികുതിയേതര വരവുകൾ | 6012928 | 6286678 | 273750 | |
| മറ്റുവരവുകൾ | 6915410 | 8641905 | 1726495 | |
| ആകെ | 18958342 | 23277536 | 4319194 | 22.7% |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | 2013-14 | | 2014-15 | |
|---|---|---|---|---|
| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 106320 | 121 | 181440 | 84 |
| കർഷക തൊഴിലാളി പെൻഷൻ | 2052603 | 428 | 3267502 | 457 |

| | | | | |
|---|---|---|---|---|
| വിധവാപെൻഷൻ | 6344109 | 924 | 8759753 | 1045 |
| വാർദ്ധക്യകാല പെൻഷൻ | 1628370 | 442 | 4033040 | 418 |
| വികലാംഗ പെൻഷൻ | 1898020 | 269 | 1994496 | 243 |
| അഗതി പെൻഷൻ | 71119 | 4 | 71295 | 7 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-02-2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 161004/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

1-10 ആഭ്യന്തര നിയന്ത്രണം

ധനാഗമ-ധനവിനിയോഗം സംബന്ധിച്ചുള്ള ഉത്തരവ്-ജി.ഒ.(പി)177/2006/12-04-06 ഖണ്ഡിക 18-3 പ്രകാരം നിർവ്വഹണഉദ്യോഗസ്ഥർ റ്റി.ആർ 7A കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വരവ്-ചെലവ് വിവരം രേഖപ്പെടുത്തണം.എന്നാൽ ഗ്രാമപഞ്ചായത്തിലെ പ്രധാന നിർവ്വഹണ ഉദ്യോഗസ്ഥരായ കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എം.ഒ-പി.എച്ച്.സി, ഹെഡ്മാസ്റ്റർ-ജി.യു.പി.എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ, എന്നിവർ റ്റി.ആർ 7A കാഷ് ബുക്കിൽ വരവ്-ചെലവ് വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തനത് ഫണ്ട്, ബി-ഫണ്ട് വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ, ഇൻകുമ്പെൻസി മാസ്റ്റർ രജിസ്റ്റർ എന്നിവ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ വിവരങ്ങളും കാലികമാക്കിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനതുഫണ്ടിലേക്ക് മുതൽകൂട്ടുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി സൂക്ഷിക്കുന്നില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | വിവരം ലഭ്യമാക്കിയിട്ടില്ല. | 08/2015 | വിവരം ലഭ്യമാക്കിയിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-01-2006 മുതൽ 14-02-2006 വരെ | 2005-06 | 11-10-2006 |

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 രശീതി ബുക്ക് ഓഡിറ്റിന് ഹാജരാക്കിയില്ല.

10.03.2014 ൽ പഞ്ചായത്തിലെ താത്കാലിക ജീവനക്കാരിയായിരുന്ന ശ്രീമതി ശാന്തയ്ക്ക് എന്ന വ്യക്തിക്ക് ഇഷ്യു ചെയ്ത 40929 നം. രശീതി ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ ശ്രീ. രഞ്ജിത്ത്, ശ്രീ. സാനു എന്നീ വ്യക്തികളുടെ കളക്ഷൻ രജിസ്റ്ററും പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2-2 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

2013-14, 2014-15 വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയപ്പോൾ താഴെപ്പറയും വിധം കുറവു വന്നിട്ടുണ്ട്.
2013-14 (ആദ്യ അർദ്ധവർഷം)

| വ്യക്തി,സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | നഷ്ടം |
|---|---|---|---|---|
| എം.ജി.കൊച്ചുകുഞ്ഞ് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് | 108654 | 1000 | 750 | 250 |
| എം.എസ്.ദാസ് സെന്റ് മേരീസ് റെസിഡൻഷ്യൽ സ്കൂൾ പത്തനാപുരം | 47862 | 450 | 300 | 150 |
| കെ.എബ്രഹാം സെന്റ് മേരീസ് റെസിഡൻഷ്യൽ സ്കൂൾ പത്തനാപുരം | 47862 | 450 | 300 | 150 |
| ലീലാമ്മ, സെന്റ്മേരീസ് റെസിഡൻഷ്യൽ സ്കൂൾ, പത്തനാപുരം | 73242 | 600 | 300 | 300 |

ആകെ നഷ്ടം 850രൂപ

മേൽപ്പറഞ്ഞ ഇനത്തിൽ നഷ്ടം വന്ന തുക 850/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-3 സ്ഥാപന നികുതി ഈടാക്കാൻ അവശേഷിക്കുന്നു.
2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പഞ്ചായത്ത് പരിധിയിലുള്ള പല സ്ഥാപനങ്ങളും സ്ഥാപന നികുതി അടവാക്കിയിട്ടുള്ളതായി കാണുന്നില്ല.വിശദ വിവരങ്ങൾ താഴെചേർക്കുന്നു.

2013-14

| ക്രമ നം. | സ്ഥാപനം | സ്ഥാപന നികുതി അടവാക്കാൻ അവശേഷിക്കുന്ന തവണകൾ (അർദ്ധ വർഷം) |
|---|---|---|
| 1 | ബി.എസ്.എൻ.എൽ. പത്തനാപുരം | 2013-14 1&2 |
| 2 | മാവേലി സ്റ്റോർ | 2013-14 1&2 |
| 3 | റബ്ബർബോർഡ് ഫീൽഡ് സ്റ്റേഷൻ | 2013-14 1&2 |

| | | |
|---|---|---|
| 4 | സെന്റ് മേരീസ് റെസിഡൻഷ്യൽ സ്കൂൾ | 2013-14 1&2 |
| 5 | അൽ അമീൻ പബ്ലിക് സ്കൂൾ പത്തനാപുരം | 2013-14 1&2 |
| 6 | സഹ്യാദ്രി റബ്ബർ പ്രൈ. ലിമിറ്റഡ് | 2013-14 1&2 |
| 7 | ഏഷ്യാനെറ്റ് കമ്മ്യൂണിക്കേഷൻ | 2013-14 1&2 |
| 8 | യു.എ.ഇ. എക്സ്ചേഞ്ച് പത്തനാപുരം | 2013-14 1&2 |
| 9 | കോമേഴ്സ് കോളേജ് പത്തനാപുരം | 2013-14 1&2 |
| 10 | ഷാരോൺ ക്ലിനിക്ക് പത്തനാപുരം | 2013-14 2nd |

2014-15

| ക്രമ നം. | സ്ഥാപനം | അടവാക്കാൻ അവശേഷിക്കുന്ന തവണകൾ (അർദ്ധ വർഷം) |
|---|---|---|
| 1 | ബി.എസ്.എൻ.എൽ. പത്തനാപുരം | 2014-15 1&2 |
| 2 | മാവേലി സ്റ്റോർ | 2014-15 1&2 |
| 3 | റബ്ബർബോർഡ് ഫീൽഡ് സ്റ്റേഷൻ | 2014-15 1&2 |

| | | |
|---|---|---|
| 4 | സെന്റ് മേരീസ് റെസിഡൻഷ്യൽ സ്കൂൾ | 2014-15 1&2 |
| 5 | അൽ അമീൻ പബ്ലിക് സ്കൂൾ പത്തനാപുരം | 2014-15 1&2 |
| 6 | സഹ്യാദ്രി റബ്ബർ പ്രൈ. ലിമിറ്റഡ് | 2014-15 1&2 |
| 7 | ഏഷ്യാനെറ്റ് കമ്മ്യൂണിക്കേഷൻ | 2014-15 1&2 |
| 8 | യു.എ.ഇ. എക്സ്ചേഞ്ച് പത്തനാപുരം | 2014-15 1&2 |
| 9 | കോമേഴ്സ് കോളേജ് പത്തനാപുരം | 2014-15 1&2 |
| 10 | ഷാരോൺ ക്ലിനിക്ക് പത്തനാപുരം | 2014-15 1&2 |
| 11 | പോൾ &കമ്പനി, പത്തനാപുരം | 2014-15 1&2 |

ഈ വിവരം അറിയിച്ചുകൊണ്ട് നല്കിയ 25/27.02.2016 നം. എൻകപയറിക്ക് മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്.മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-4 പഞ്ചായത്ത് വക തടി ലേലം തുടർനടപടികളില്ല - പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

പത്തനാപുരം ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രി പരിസരത്തെ 1.00m3, 0.667m3 അളവുകളുള്ള രണ്ട് തേക്ക് മരങ്ങൾ 10.07.2014 പകൽ 11 മണിക്ക് മൃഗാശുപത്രി പരിസരത്ത് വച്ച് നടത്തുകയുണ്ടായി. ടി ലേല നടപടിയിൽ കാണപ്പെട്ട അപാകതകൾ ചുവടെചേർക്കുന്നു.

1.തടിയുടെ അളവും വാല്യുവേഷനും ഉൾപ്പെടുത്തിയ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കത്ത് ലഭ്യമാക്കിയിട്ടില്ല.

2. 1.00m3 അളവുള്ള തേക്ക് മരത്തിന്റെ ലേലത്തിന് 2000 രൂപ നിരദ്രവ്യം അടവാക്കി 23 വ്യക്തികൾ ലേലത്തിൽ പങ്കെടുത്തതായി ലേല ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ആയതിൽ ശ്രീ.സജീവ് എന്ന വ്യക്തിയാണ് ഏറ്റവും കൂടിയ തുക ലേലത്തിൽ വിളിച്ചത് (62200/-). ടി ലേലം 07.08.2014 ലെ IX നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ആയത് ലേല ഡയറിയിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലേലം ഉറപ്പിച്ച ശേഷം ടിയാൻ ലേല ഉരുപ്പടി ഏറ്റെടുക്കാൻ തയ്യാറായില്ല. തടി കേടുപിടിച്ചതിനാൽ, നഷ്ടം വരുമെന്ന കാരണത്താലാണ് നിരതദ്രവ്യം പോലും തിരികെ വാങ്ങാതെ ടിയാൻ ഒഴിവായത് എന്ന് ഓഡിറ്റ് എൻകൃയറിയ്ക്കുള്ള മറുപടി ലഭിച്ചത്. ആദ്യ ലേലക്കാരനൻ ലേലം പിടിക്കാൻ തയ്യാറാകാത്തപക്ഷം, തൊട്ടടുത്ത ആൾക്ക് തടിലേലം ഉറപ്പിച്ചു നൽകണമായിരുന്നു. ഇപ്രകാരം തുടർനടപടിക്രമങ്ങൾ പാലിക്കാത്തത് സെക്രട്ടറിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ആയതിനാൽ 62,200/- രൂപ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി, ഈടാക്കേണ്ടതാണ്.

2-5 ഷോപ്പിംഗ് കോംപ്ലക്സ്- പ്രതിമാസ വാടക ഈടാക്കാൻ അവശേഷിക്കുന്നു.

2014-15 വർഷം പത്തനാപുരം ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നല്കിയതിന്റെ താഴെപ്പറയുന്ന വാടകക്കാരിൽ നിന്ന് പ്രതിമാസ വാടക ഈടാക്കാൻ അവശേഷിക്കുന്നു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര്, വിലാസം | ഈടാക്കാൻ അവശേഷിക്കുന്ന തവണകൾ | ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | പത്തനാപുരം 64 | ബിനു ഡാനിയേൽ തോട്ടത്തിൽ കാലായിൽ പത്തനാപുരം | 2014 ഏപ്രിൽ മുതൽ 2015 മാർച്ച് വരെ | 3679x12=44148 |
| 2 | പത്തനാപുരം 65 | മാനേജർ ദേശാഭിമാനി,പത്തനാപുരം | 2014ഏപ്രിൽ മുതൽ 2015 മാർച്ച് വരെ | 383x12=4596 |
| 3 | പത്തനാപുരം 87 | അയൂബ് മുക്കംതോട്, കിഴക്കേക്കര, കുണ്ടയം | 2014ഏപ്രിൽ മുതൽ 2015 മാർച്ച് വരെ | 1336x12=16032 |
| 4 | പത്തനാപുരം 129 | നസീമബീവി സ്മിതാ മൻസിൽ കുണ്ടയം | 2015 മാർച്ച് | 1093x1=1093 |
| 5 | പത്തനാപുരം 130 | രവീന്ദ്രൻ നായർ കളീലുവിള വീട് | 2015 ഫെബ്രുവരി മുതൽ 2015 മാർച്ച് വരെ | 1073x2=2146 |
| 6 | മാങ്കോട് 35 | നാരായണി സാലിഭവൻ, മാങ്കോട് | 2014ഡിസംബർ മുതൽ 2015 മാർച്ച് വരെ | 2057x4=8228 |

ആകെ 76243/-

തുക പലിശ സഹിതം വാടകക്കാരിൽ നിന്ന് ഈടാക്കേണ്ടതാണ്.

2-6 ബസ്സ്റ്റാന്റ് ഫീസ് പിരിവ് - തുക ഒടുക്കാൻ അവശേഷിക്കുന്നു.

പത്തനാപുരം കല്ലുംകടവ് പഞ്ചായത്ത് വക പ്രൈവറ്റ് ബസ് സ്റ്റാന്റിൽ നിന്നും ഫീസ് പിരിവ് നടത്തുന്നതിനുള്ള അവകാശം

ലേലം നടന്ന തീയതി – 04.03.2013

ലേല നിബന്ധന പ്രകാരം ലേലം ഉറപ്പിച്ചു നൽകിയ ദിവസം തന്നെ തുക ഒടുക്കേണ്ടതായിരുന്നു. എന്നാൽ 11.03.13 ൽ 50000/- രൂപയും, 25.07.13 ൽ 25000/- രൂപയും 22.04.2014

ൽ 15000/- രൂപയും ഉൾപ്പെടെ ആകെ 90000/- രൂപയാണ് ഒടുക്കിയത്. കൂടാതെ പലിശയിനത്തിൽ 2750/- രൂപയും ഒടുക്കിയിട്ടുണ്ട്. ലേലതുകയിൽ ബാക്കി ഒടുക്കാനുള്ള 10000/- രൂപയും, പലിശയും ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-7 ഡി & ഒ ലൈസൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം

1.മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടം 18 പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നതിന് ഫീസ് 3-ം പട്ടികയിൽ പറഞ്ഞതുപോലെ മോട്ടോർ ഫീസ് ഈടാക്കാതിരുന്നതിനാൽ 960 രൂപ പഞ്ചായത്തിന് നഷ്ടമുണ്ടായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

2013-14

| അപേക്ഷിച്ച ആളുടെ പേര്, വിലാസം | മോട്ടോർ ഉപയോഗിക്കുന്നത് (HP) | തുക ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| ഷിഹാബുദ്ദീൻ കർത്തായത്തിൽ ഇടത്തറ,കലഞ്ഞൂർപി.ഒ | 5HP | 50 | 0 | 50 |
| അബ്ദുൽ ഖാദർ | 4HP | 50 | | 50 |
| പി.ജി.ബീവിയമ്മ മംഗലത്ത് പുത്തൻവീട് | 35 HP | 400 | 200 | 200 |
| സി.റ്റി.സണ്ണി ചാണ്ടിശ്ശേരിയിൽ കല്ലുകടവ് | 33 HP | 400 | 300 | 100 |
| അനിഷാദ് എം തച്ചക്കോട്ട് പുത്തൻവീട്,പുന്നല പി.ഒ | 4HP | 50 | 0 | 50 |
| ഷീബ.എൻ പുതുപറമ്പിൽ വീട് പാതിരിക്കൽ പത്തനാപുരം | 15 HP | 200 | 100 | 100 |

ആകെ – 550

2014-15

| അപേക്ഷിച്ച ആളുടെ പേര്, വിലാസം | മോട്ടോർ ഉപയോഗിക്കുന്നത് (HP) | തുക ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| അയ്യപ്പൻ പിള്ള മണ്ണിലയ്യത്ത് വീട് കാനച്ചിറ പി.ഒ | 3HP | 50 | 0 | 50 |
| ഷൺമുഖനാചാരി പടിപ്പുര വീട് | 11 HP | 50 | 0 | 50 |

| | | | | |
|---|---|---|---|---|
| ശാലേംപുരം | | | | |
| രഘുനാഥ പിള്ള രമാനിവാസ് ,തട്ടക്കുന്ന് | 6 HP | 100 | 0 | 100 |
| കുര്യൻകോശി മണ്ണിൽ വീട് മണ്ണിൽ | 10 HP | 100 | 0 | 100 |
| അബ്ദുൽ ഖാദർ ഷൈനി മൻസിൻ | 4HP | 50 | 0 | 50 |

ആകെ – 350/- രൂപ

ആകെ നഷ്ടം = 900/- (550+350)

2. വിറ്റുവരവിന് അനുസൃതമായി ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയില്ല.
പത്തനാപുരത്ത് പ്രവർത്തിക്കുന്ന കേരള സംസ്ഥാന ബീവറേജസ് കോർപ്പറേഷൻ സമർപ്പിച്ച 2013-14 ഡി&ഒ അപേക്ഷയിൽ ദിവസേന വിറ്റുവരവ് 7 ലക്ഷം എന്നാണ് രേഖപ്പെടുത്തിയത്.ആയതിന് 4000 രൂപയാണ് ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ 2000 രൂപ മാത്രമാണ് ഈടാക്കിയത്. ആയതിൽ 2000 രൂപ നഷ്ടം ഉണ്ടായി. ഈ വിവരങ്ങൾ അറിയിച്ചുകൊണ്ട് നല്കിയ 23/26.02.2016 നം. ഓഡിറ്റ് എൻകൃയറിക്ക് ടി തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഇനങ്ങളിൽ ഉണ്ടായ നഷ്ടം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-8 പഞ്ചായത്ത് വക പബ്ലിക് ലൈബ്രറിയിലെ പുസ്തകങ്ങൾ നഷ്ടമായത് സംബന്ധിച്ച്.
പത്തനാപുരം ഷോപ്പിംഗ് കോംപ്ലക്സിൽ സ്ഥിതി ചെയ്യുന്ന പത്തനാപുരം പഞ്ചായത്ത് വക പബ്ലിക് ലൈബ്രറിയിൽ(രജി. നം.02 ptpm 1222) ഓഡിറ്റ് വേളയിൽ നടത്തിയ ഭൗതിക പരിശോധനയിൽ ക്രമനം.2137 മുതൽ 4651 വരെയുള്ള പുസ്തകങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല.ടി പുസ്തകങ്ങൾ പഞ്ചായത്ത് ഫണ്ടിൽ നിന്നും പല കാലയളവിൽ തുക ചെലവഴിച്ച് വാങ്ങിയവയാണ്.ലൈബ്രേറിയന്റെയും (ശ്രീ ധനരാജ് ധനപാലൻ), മുൻ ലൈബ്രേറിയന്റെയും (ശ്രീമതി അനീഷ പി.പി)മറുപടിയിൽ ടി പുസ്തകങ്ങളും അവ രേഖപ്പെടുത്തിയിരുന്ന രണ്ടാം നമ്പർ സ്റ്റോക്ക് രജിസ്റ്ററും ശ്രീ.സി.ബാബു എന്ന വ്യക്തി ലൈബ്രേറിയനായിരുന്ന കാലത്താണ് നഷ്ടപ്പെട്ടതെന്നും ഈ വിവരം യഥാസമയം പഞ്ചായത്തിനെ അറിയിച്ചുവെന്നും വ്യക്തമാക്കിയിട്ടുണ്ട്.നിലവിൽ പുതിയ രജിസ്റ്റർ കൃത്യമായി എഴുതി തയ്യാറാക്കിയതാണെന്നും ലൈബ്രേറിയൻ അറിയിച്ചിട്ടുണ്ട്.ടി വിഷയത്തിൽ നാളിതുവരെ നടപടിയൊന്നും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.ഈ അപാകതയ്ക്ക് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻകൃയറിക്ക് (28/27.02.2016) മറുപടി നല്കിയിട്ടില്ല.പ്രസ്തുത വിഷയം സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതും പുസ്തകങ്ങൾ ലൈബ്രറിയിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]
ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു-ചെലവ് തുക നിരാകരിക്കുന്നു.
2013-14 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ പ്രകാരം അധിക നിരക്കിൽ സബ്സിഡി അനുവദിച്ച് നൽകിയിരിക്കുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. 58/13-14 എന്ന പദ്ധതി 13-14 വർഷം സ്പിൽഓവർ ആയി നടപ്പിലാക്കിയ പദ്ധതിയാണ്. ജി.ഒ(എം.എസ്)/248/12ത.സ്വ.ഭ.വ/29-09-12 ഉത്തരവ് പ്രകാരം ജൈവവളത്തിന് പൊതുവിഭാഗത്തിന് അർഹമായ സബ്സിഡി നിരക്ക് 75% ആണ്. ടി പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും ബിൽ നം. 9/13-14/26-03-14 പ്രകാരം പിൻവലിച്ച 114460/-രൂപയിൽ

നിന്നും 110600/-രൂപ സബ്സിഡി ഇനത്തിൽ ചെലവഴിച്ചിരിക്കുന്നു. കെയ്കോ, കൊട്ടാരക്കരയിൽ നിന്നും 6340കി.ഗ്രാം വേപ്പിൻ പിണ്ണാക്ക് 22/-രൂപ നിരക്കിൽ വാങ്ങിയതിന് ആകെ ചെലവായ 139480/-രൂപയിൽ 110600/-രൂപ സബ്സിഡി ഇനത്തിൽ നൽകിയിരിക്കുന്നു. ജൈവവളത്തിന് അനുവദനീയമായ സബ്സിഡി നിരക്ക് ആകെവിലയുടെ 75% ആയതിനാൽ 104610/-രൂപ മാത്രമാണ് അനുവദനീയമായ സബ്സിഡി തുക അധികമായി ചെലവഴിച്ച 5990/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പ്രോജക്ട് നം -60/13-14 നെൽകൃഷി വികസനം എന്ന പദ്ധതിയ്ക്കായി വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും ബിൽ നം 10/13-14/26-03-14 പ്രകാരം പിൻവലിച്ച 35900/-രൂപയിൽ നിന്നും 23രൂപ നിരക്കിൽ 1136 കിറ്റ് ജൈവവളം വാങ്ങിയതിന് കെയ്ക്കോ, കൊട്ടാരക്കരയുടെ Q.501/15-03-14 നമ്പർ ഇൻവോയ്സ് പ്രകാരം ആകെ തുകയായ 26128/-രൂപയിൽ 20900/-രൂപ സബ്സിഡി ഇനത്തിൽ ചെലവഴിച്ചിരിക്കുന്നു. പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ സബ്സിഡി ആകെ ചെലവ് തുകയുടെ 75% നിരക്കിൽ 19596/-രൂപയാണ്. 1304/- രൂപ അധികമായി ചെലവഴിച്ചിരിക്കുന്നു.
പ്രോജക്ട് നം -61/13-14 തെങ്ങ് കൃഷി വികസനം ടി പദ്ധതി പ്രകാരം തെങ്ങിൻ തൈ വിതരണം, വളം വിതരണം എന്നിവയ്ക്കായി വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും ബിൽ നം. 11/13-14/26-03-14 പ്രകാരം പിൻവലിച്ച 56250/-രൂപയിൽ നിന്നും വേപ്പിൻ പിണ്ണാക്കിന് (1063kg@22) വിലയായ 23400/-രൂപയിൽ 18750/-രൂപ സബ്സിഡി ഇനത്തിൽ കെയ്കോ, കൊട്ടാരക്കരയ്ക്ക് നൽകിയിരിക്കുന്നു.അനുവദനീയമായ സബ്സിഡി തുക 17550/- രൂപയാണ്. അധിക നിരക്കിൽ സബ്സിഡി അനുവദിച്ചിരിക്കുന്നതിനാൽ 1200/- രൂപ അധികമായി ചെലവഴിച്ചിരിക്കുന്നു. ഓഡിറ്റ് എൻകൗയറി നം. 2/12.02.14 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ടി പദ്ധതികൾക്കായി സബ്സിഡി നിരക്കിൽ അധികം നൽകിയിരിക്കുന്ന 8494/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

3-2 തെരുവുവിളക്കുകളുടെ സ്റ്റോക്ക് വിതരണ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
നിർവ്വഹണം – ഗ്രാമപഞ്ചായത്ത് സെക്രട്ടറി

പ്രോജക്ട് നം. 38/13-14 തെരുവു വിളക്ക് സ്ഥാപിക്കൽ (സ്ട്രീൽ ഓവർ)- ടി പദ്ധതിക്കായി വകയിരുത്തിയ 500000/-രൂപയിൽ നിന്നും 499932/-രൂപ ബിൽ നം. 3/13-14/12-07-13 പ്രകാരം പിൻവലിച്ച് കൊച്ചുമേലേതിൽ, കുണ്ടറ എന്ന സ്ഥാപനത്തിന് നൽകി (ഡി.ഡി.നം. 209565/12-07-13-100000/-, ഡി.ഡി.നം. 209564/12-07-13-399992/-). ടി സ്ഥാപനത്തിൽ നിന്നും 32/-രൂപ നിരക്കിൽ 1500 എണ്ണം ട്യൂബ് ലൈറ്റുകൾ വിതരണം നടത്തിയിട്ടുണ്ടെങ്കിലും 400 എണ്ണം മാത്രമാണ് സ്റ്റോക്കിലെടുത്തിട്ടുള്ളത്. തെരുവുഴിളക്കുകൾ വാങ്ങിയിരിക്കുന്നത് കെ.എസ്.ഇ.ബി യിൽ നിന്നുള്ള ആവശ്യകത-യ്ക്കനുസരിച്ചല്ല. മാത്രമല്ല തെരുവിളക്കുകൾ വിതരണം നടത്തിയിരിക്കുന്നത് ഗ്രാമപഞ്ചായത്തിലെ മെമ്പർമാർക്കാണ്. ട്യൂബ് ലൈറ്റുകളുടെ സ്റ്റോക്ക് -വിതരണ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻകൗയറി നം. 19/26-02-2016 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും സ്റ്റോക്ക് വിതരണ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ സ്റ്റോക്കിലുൾപ്പെട്ടിട്ടില്ലാത്ത 1100 എണ്ണം ട്യൂബ് ലൈറ്റുകളുടെ വിലയായ 35200/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് വിതരണ വിശദാംശങ്ങൾ നിശ്ചിത സമയപരിധിക്കകം ഹാജരാക്കി തടസ്സം ഒഴിവാക്കാത്തപക്ഷം തുക ചെലവ് നടത്തിയ ഉദ്യോഗസ്ഥനെന്ന നിലയിൽ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് ശിപർശ ചെയ്യുന്നതായിരിക്കും.

3-3 ബയോഗ്യാസ് പ്ലാന്റ് - വികസനഫണ്ടിൽ നിന്ന് അധികം ചെലവ്.
സമ്പൂർണ്ണ ശുചിത്വ മിഷൻ ഫണ്ട്, വികസനഫണ്ട്-പൊതുവിഭാഗം ,ഗുണഭോക്തൃവിഹിതം എന്നിവ യഥാക്രമം 50:25:25 എന്ന അനുപാതത്തിൽ ഉൾപ്പെടുത്തി വി.ഇ.ഒ – പത്തനാപുരം നടപ്പിലാക്കിയ പദ്ധതിയാണ് വ്യക്തിഗത ബയോഗ്യാസ് പ്ലാന്റിന് സബ്സിഡി- (49/13-14). ഒരു ബയോഗ്യാസ് പ്ലാന്റിന് 10000/-രൂപ ക്രമത്തിൽ 80 ഗുണഭോക്താക്കൾക്കായി വികസനഫണ്ടിൽ നിന്നും 200000/രൂപ-സമ്പൂർണ്ണ ശുചിത്വമിഷൻ ഫണ്ടിൽ നിന്നും 400000/-

രൂപ ഗുണഭോക്തൃവിഹിതം 200000/-രൂപ എന്നിവ ഉൾപ്പെടെ ആകെ 800000/-രൂപ വകയിരുത്തിയിരുന്ന പദ്ധതി നടപ്പിലാക്കിയപ്പോൾ 8500/-രൂപ വില വരുന്ന വാട്ടർ ജാക്കറ്റ് ഇല്ലാത്ത പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് 41 എണ്ണം ആണ് റെയ്ഡ്കോയിൽ നിന്നും വാങ്ങിയത്. 41 ഗുണഭോക്താക്കളിൽ നിന്നും 3000/-രൂപ വീതം 123000/- പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. 8500/-രൂപ യൂണിറ്റ് വില വരുന്ന പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റൊന്നിന് വികസനഫണ്ടിൽ നിന്നും ചെലവഴിക്കേണ്ട തുക 2125/-രൂപയാണ്. 41 എണ്ണം പ്ലാന്റിനായി ആകെ പിൻവലിക്കേണ്ട തുക 87125/- രൂപയാണ് .എന്നാൽ വികസനഫണ്ടിൽ നിന്നും ബിൽ നം. 22/13-14/31-03-14 പ്രകാരം 200000/- രൂപ പിൻവലിച്ച് ഡിഡി നം. 651846/03-04-14 പ്രകാരം റെയ്ഡ്കോയ്ക്ക് നൽകിയിരിക്കുന്നു. വികസനഫണ്ടും സമ്പൂർണ്ണ ശുചിത്വ മിഷൻ ഫണ്ടും മാത്രമാണ് പദ്ധതിക്കായി വിനിയോഗിച്ചിരിക്കുന്നത്. ഗുണഭോക്തൃവിഹിതം വിനിയോഗിച്ചിട്ടില്ല. 112875/-രൂപ വികസനഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ചിരിക്കുന്നു. ടി തുകയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വികസനഫണ്ടിൽ നിന്നും അധികമായി ഒടുക്കിയിരിക്കുന്ന തുക ഗുണഭോക്തൃവിഹിതത്തിൽ നിന്നും ഈടാക്കി സഞ്ചിതഫണ്ടിലേക്ക് തിരികെ ഒടുക്കു വരുത്തേണ്ടതാണ്.

3-4 ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേന തെരഞ്ഞെടുത്തില്ല - ആനുകൂല്യ വിതരണത്തിനായി ചെലവഴിച്ച തുക നിരാകരിക്കുന്നു.

2013-14 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ -പത്തനാപുരം നിർവ്വഹണം നടത്തിയ പദ്ധതികളാണ് വികലാംഗർക്ക് കരകൗശല വസ്തുക്കളുടെ നിർമ്മാണ പരിശീലനവും യൂണിറ്റും - (122/13-14), കരകൗശല വസ്തുക്കളുടെ നിർമ്മാണ പരിശീലനവും യൂണിറ്റും-പട്ടികജാതിക്കർക്ക് (125/13-14) എന്നിവ. ടി പദ്ധതികളുടെ നിർവ്വഹണത്തിനായി യഥാക്രമം വികസനഫണ്ടിൽ നിന്നും 30000/-രൂപ ബിൽ നം. 17/13-14/20-03-14 പ്രകാരവും എസ്.സി.പി.ഫണ്ടിൽ നിന്നും 60000/-രൂപ ബിൽ നം. 16/13-14/20-03-14 പ്രകാരവും പിൻവലിച്ച് ചെവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കൾക്ക് പരിശീലനം നൽകി യൂണിറ്റ് ആരംഭിക്കുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം. എന്നാൽ പരിശീലനം നൽകിയതല്ലാതെ യൂണിറ്റുകൾ ആരംഭിച്ചിച്ചിട്ടില്ല.

2. ഗുണഭോക്താക്കളെ പത്രപ്പരസ്യം നടത്തിയാണ് കണ്ടെത്തിയിരിക്കുന്ന്. ടി ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 122/13-പദ്ധതി പ്രകാരം 22 ഗുണഭോക്താക്കൾക്കും 125/13-14നമ്പർ പദ്ധതി പ്രകാരം 60 ഗുണഭോക്താക്കൾക്കും പരിശീലനം നൽകുന്നതിനായി മുളങ്കോട്, വടമൺ -അഞ്ചൽ എന്ന സ്ഥാപനത്തെ തെരെഞ്ഞെടുത്ത് നൽകിയിട്ടുണ്ട്. ഗ്രാമസഭ മുഖേന ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ആനുകൂല്യം നൽകാത്തതിനാൽ ചെലവഴിച്ച തുക 90000/-ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കേണ്ടതാണ്.

3-5 തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള ഉപകരണങ്ങൾവാങ്ങിയത് -സ്റ്റോക്കിലടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ഇല്ല.

സെക്രട്ടറി 2013-14 & 2014-15 സാമ്പത്തിക വർഷങ്ങളിൽ നിർവ്വഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന പദ്ധതികൾ പ്രകാരം തെരുവുവിളക്ക് സ്ഥാപിക്കുന്നതിനായി വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റേയും വിതരണം നടത്തിയതിന്റേയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1. പ്രോജക്ട് നം 221/13-14-തെരുവ് വിളക്ക് മെയിന്റനൻസ്

തെരുവു വിളക്കുകൾ ടെണ്ടർ ക്ഷണിച്ച് വാങ്ങി കെ.എസ്.ഇ.ബിക്ക് കൈമാറി സ്ഥാപിക്കണമെന്നാണ് പദ്ധതി ലക്ഷ്യം. പതിമ്മൂന്നാം ധനകാര്യക്കമ്മീഷൻഗ്രാന്റിൽ നിന്നും ബിൽ നം. 39/13-14/27-03-14 പ്രകാരം 303955/-രൂപ പിൻവലിച്ച് കൊച്ചുമേലേതിൽ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ തെരുവു വിളക്ക് ഉപകരണങ്ങൾ (ബിൽ നം. A234/21-03-14) സ്റ്റോക്കിലെടുത്തതിന്റേയും വിതരണം നടത്തിയതിന്റേയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

2. പ്രോജക്ട് നം. 136/14-15 -തെരുവ് വിളക്ക് സ്ഥാപിക്കൽ -പദ്ധതിക്കായി പതിമ്മൂന്നാം ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും34089/- രൂപയും (ബിൽ നം. 30/14-15/ 30-03-15) വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 49400/-രൂപയും (ബിൽ നം. 29/14-15/ 30-03-15) തനതുഫണ്ടിൽ നിന്നും 363612/- രൂപയും പിൻവലിച്ച് തെരുവ് വിളക്കുകൾ വാങ്ങുന്നതിനായി ആകെ 447101/- യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് നൽകിയിരിക്കുന്നു. (ഡി.ഡി.നം. 153817/30-03-15-363612/-, ഡി.ഡി.നം. 153818/ 30-03-15-34089/-, ഡി.ഡി. നം. 153819/30-03-15-49400/-) 19 വാർഡുകൾക്ക് 21 റ്റ്യൂബ് സെറ്റ് വീതം 100 രൂപ നിരക്കിൽ വാങ്ങുന്നതായിരുന്നു പദ്ധതി ലക്ഷ്യം. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ലഭിച്ച സാധനങ്ങളുടെ വിവരം, സ്റ്റോക്കിലെടുത്തതിന്റേയും വിതരണം നടത്തിയതിന്റേയും വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല .

വിതരണ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി പദ്ധതികൾക്കായി 2013-14 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച 303955/ രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച 447101/- രൂപയും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-6 രേഖകൾ ഹാജരാക്കാത്തതിനാൽ 215879രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന ചെലവുകൾ അവയ്ക്ക് നേരയുള്ള കാരണങ്ങളാൽ തടസ്സപ്പടുത്തുന്നു

| വൗച്ചർ നം./ തീയതി | ചെലവിനം | തുക | തടസ്സത്തിനുള്ള കാരണം |
|---|---|---|---|
| 21300619/30-10-13 | സമ്പൂർണ്ണശുചിത്വം | 162698 രൂപ | ഓരോ വാർഡിലെയും അനുബന്ധരേഖകൾ |
| 21300713/28-11-13 | പോസ്റ്റ് ഷിഫ്റ്റിംഗ് | 25078 രൂപ | വിനിയോഗ സാക്ഷ്യപത്രം |
| 21400587/10-11-14 | പോസ്റ്റ് ഷിഫ്റ്റിംഗ് | 3283 രൂപ | വിനിയോഗ സാക്ഷ്യപത്രം |
| 21400586/10-11-14 | പോസ്റ്റ് ഷിഫ്റ്റിംഗ് | 9452 രൂപ | വിനിയോഗ സാക്ഷ്യപത്രം |
| 21400588/10-11-14 | പോസ്റ്റ് ഷിഫ്റ്റിംഗ് | 9969 രൂപ | വിനിയോഗ സാക്ഷ്യപത്രം |
| 21400818/23-1-15 | പോസ്റ്റ് ഷിഫ്റ്റിംഗ് | 5399 രൂപ | വിനിയോഗ സാക്ഷ്യപത്രം |
| | ആകെ | 215879/- രൂപ | |

മേൽ പറഞ്ഞ രേഖകൾ ഹാജരാക്കി 215879രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്

3-7 ദിവസ വേതനയിനത്തിൽ അധികം നല്കിയ 2700 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

19-5-12 ലെ ജി.ഒ(എം.എസ്) നം.145/12 H&FWD പ്രകാരം ആയുർവേദാശുപത്രിയിലെ അറ്റന്റ്റുടെ ദിവസവേതനം 300 രൂപ ആണെന്നിരിക്കെ ടി പഞ്ചായത്തിലെ ആയുർവേദാശുപത്രിയിലെ അറ്റൻഡർ ആയ ശ്രീമതി അജിതയ്ക്ക് 2014 ഡിസംബർ മാസത്തെ വേതനം 400 രൂപ ക്രമത്തിൽ നല്കിയ വഴി പഞ്ചായത്തിന് 2700 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് .വിശദ വിവരം ചുവടെ ചേർക്കുന്നു

| വൗച്ചർ നം,തീയതി | ചെക്ക് നം ,തീയതി | അർഹമായതുക | കൈപ്പറ്റിയ തുക | അധികം |
|---|---|---|---|---|
| 21400766,1-1-15 | 000100,1-1-15 | 8100 രൂപ (27 ദിവസം) | 10800രൂപ | 2700രൂപ |

ശ്രീമതി അജിതയ്ക്ക് അധികമായി നല്കിയ 2700 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഈടാക്കി തനത് ഫണ്ടിൽ ഒടുക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-8 അനധികൃതമായി ഡേറ്റ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചത് വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം 44402

ഗ്രാമപഞ്ചായത്തുകളിൽ സ്ഥിരം തസ്തികകളിൽ ഒന്നല്ലാത്ത ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ മൂന്നു പേരെ സർക്കാർ ഉത്തരവോ, കമ്മിറ്റി തീരുമാനമോ ഇല്ലാതെ (350 രൂപ നിരക്കിൽ) ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചതു ഓഡിറ്റിൽ അംഗികരിക്കുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഡേറ്റഎൻട്രി ഓപ്പറേറ്ററുടെ പേര് | കൈപ്പറ്റിയ തുക (രൂപ) | വൗച്ചർ നം, തീയതി | ചെക്ക് നം, തീയതി |
|---|---|---|---|
